# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3929 — 31.01.2014-ൽ മറുപടിക്ക്

### നിർമ്മിതിയെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ഏകജാലക കേന്ദ്രമാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. സി.പി.മുഹമ്മദ് ;<br>ശ്രീ.സണ്ണി ജോസഫ് ;<br>ശ്രീ.എം.എ.വാഹീദ് ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകത്തക്ക വിധം നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; | (എ) നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകി വരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേവനങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല. അതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും എല്ലാ വിധ സേവനങ്ങളും ലഭിക്കുക വഴി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഒഴിവാക്കുക എന്നതാണ് ലക്ഷ്യം. രൂപകല്പന മുതൽ, പൊതു വിപണി- |

യിലേക്കാൾ കുറഞ്ഞ വിലയ്ക്ക് നിർമ്മാണ വസ്തുക്കളുടെ ലഭ്യത, നിർമ്മാണത്തിന്റെ മേൽ നോട്ടം, നിർമ്മാണ തൊഴിലാളികളുടെ ലഭ്യത എന്നിവ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉറപ്പാക്കുക വഴി എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) നിലവിൽ പൊതു ജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സേവനങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചു വരുന്നു.

1. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് എല്ലാ കേന്ദ്രങ്ങളിലും ഹൗസിംഗ് ഗൈഡൻസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

2. റീജിയണൽ കേന്ദ്രങ്ങൾ വഴി രൂപകല്പന, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു.

4. കമ്പി, സിമെന്റ് എന്നിവ കലവറ വഴി സൗജന്യ നിരക്കിൽ നൽകി വരുന്നു.

| | |
|---|---|
| (ഡി)ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയും അല്ലാതെയും നിലവിലുള്ള കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾ നടപ്പിലാക്കുന്നതു വഴി ചുരുക്കം നാളുകൾക്കകം എല്ലാ കേന്ദ്രങ്ങളും മാതൃകാ കേന്ദ്രങ്ങളായി തീരുന്നതാണ്. |

സെക്ഷൻ ഓഫീസർ